(ബി) 2005-06-ൽ ഈ വിഭാഗങ്ങളിൽപ്പെടുന്ന എത്ര വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകി ;

(സി) ഇതിന് ആകെ എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്വാശ്രയ സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന ഈ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മറ്റെന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു ?

ഉത്തരം

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണത്തിലും മെറിറ്റിലും പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ബി & സി) വിവിധ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന 110 പട്ടികവർഗ്ഗ/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് 2005-06-ൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഇതിനായി 42,90,550 രൂപ ചെലവായിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസിളവിന് പുറമേ വാർഷിക ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പൻഡ് എന്നിവയും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് യഥാർത്ഥ താമസ/ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ അംഗീകാരമില്ലാത്ത സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് ഹോസ്റ്റൽ ചെലവിന് പകരം പ്രതിമാസം 1000 രൂപ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നു. കൂടാതെ ട്രൈബൽ സബ് പ്ലാൻ പദ്ധതി പ്രകാരം ഡ്രായിംഗ് ഇൻസ്ട്രുമെന്റ്, കാൽക്കുലേറ്റർ, ഷൂസ് എന്നിവ നൽകുന്നതിനും പ്രോജക്ട് അലവൻസ് ഇനത്തിലും ധനസഹായം നൽകുന്നുണ്ട്.

ഇന്റേണൽ അസസ്സ്മെന്റ് മാർക്കിലുള്ള പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം

5 [1106] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതെന്നാണ് ;

(ബി) അത് പ്രസിദ്ധീകരിക്കാത്തപക്ഷം വിദ്യാർത്ഥികൾക്കുള്ള പരിഹാരം എന്തെല്ലാമാണ് ;

(സി) ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നപക്ഷം അതിന്മേലുള്ള പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സംവിധാനം ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നൽകാൻ ബാദ്ധ്യസ്ഥരായ അദ്ധ്യാപകരുള്ള എല്ലാ കോളേജുകളിലും നിലവിലുണ്ടോ ;

(ഇ) എങ്കിൽ ആ പരാതി പരിഹരിക്കുന്നതിനായി ഓരോ കോളേജിലുമുള്ള ഈ സംവിധാനം 2004-05-ൽ യോഗം ചേർന്നതും തീരുമാനമെടുത്തതും സംബന്ധിച്ചുള്ള വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) വ്യവസ്ഥാപിത ബിരുദ കോഴ്സുകളുടെ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് അതാതു വർഷം മാർച്ചിലെ ആദ്യ ആഴ്ചയിൽ കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. വ്യവസ്ഥാപിത ബിരുദാനന്തര ബിരുദ കോഴ്സുകളുടെ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് അതാതു സെമസ്റ്ററിലെ ക്ലാസ്സ് തീരുന്നതിന് ഒരാഴ്ച മുമ്പും പ്രൊഫഷണൽ കോഴ്സുകളുടെ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് അതാതു സെമസ്റ്ററുകളുടെ ക്ലാസ്സുകൾ അവസാനിക്കുന്നതിനുമുമ്പും കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(ബി & സി) പരാതികൾ അദ്ധ്യാപക വകുപ്പു മേധാവി, കോളേജ് സർവ്വകലാശാല തലങ്ങളിൽ നൽകാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) വിവിധ സർവ്വകലാശാലകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

ഗവേഷണ വിദ്യാർത്ഥികളോടൊപ്പം കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഗൈഡുകളായി പോയിരുന്ന അദ്ധ്യാപകർ

6 [1107] ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സർവ്വകലാശാലകളിൽ പെൺകുട്ടികൾ ഗവേഷണം നടത്താറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിവരശേഖരണത്തിനും ഫീൽഡ് വർക്കിനും പോകുന്ന പെൺകുട്ടികളുടെ കൂടെ അവരുടെ ഗൈഡും പോകാറുണ്ടോ ;

(സി) ഇതിനുവേണ്ടി ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ശ്രീലങ്ക എന്നിവിടങ്ങളിലേക്ക് ഗവേഷണ വിദ്യാർത്ഥികളോടൊപ്പം ഈ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഏതെല്ലാം അദ്ധ്യാപകർ പോയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നമ്മുടെ സർവ്വകലാശാലകളിൽ അഞ്ച് വർഷത്തിലധികമായ ഗവേഷണം നടത്തുന്ന എത്ര ഗവേഷണ വിദ്യാർത്ഥികൾ നിലവിലുണ്ട് ;

(ഇ) ഇവർ എത്ര വർഷമായി ഗവേഷണം നടത്തിവരുന്നു ;

(എഫ്) ഇവരുടെ ഗൈഡ് ആരൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly